Govt. of Kerala

CENTRE FOR CONTINUING EDUCATION KERALA

# CENTRE FOR CONTINUING EDUCATION KERALA

## CCEK Skill Development Training Programme

**കേരള ഗവൺമെന്റിന്റെ ഒരു വർഷത്തെ തുടർ വിദ്യാഭ്യാസ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾക്ക് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട വിവിധ ഗവ./എയ്ഡഡ് പോളി ടെക്നിക്, ആർട്സ് & സയൻസ് കോളേജുകളിൽ അഡ്മിഷൻ ആരംഭിച്ചു.**


## യോഗ്യത – SSLC /+2

Skill India
कौशल भारत - कुशल भारत

N·S·D·C National Skill Development Corporation
Transforming the skill landscape

**കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ അംഗീകരിച്ച വിവിധ NSDC ജോബ് റോളുകൾക്കനുസൃതമായുള്ള ക്വാളിഫിക്കേഷൻ പാക്കുകളിൽ NSDC-യുടെ നിബന്ധനകൾക്ക് വിധേയമായി ദേശീയ അംഗീകാരമുള്ള NSDC സർട്ടിഫിക്കേഷൻ നേടുവാൻ സാധിക്കുന്നതാണ്.**

## ഇന്ത്യക്കകത്തും ഗൾഫ്, മറ്റു വിദേശ രാജ്യങ്ങളിലുമായി അനേകായിരം തൊഴിലവസരങ്ങളുള്ള


ഇൻഡസ്ട്രിയൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്


ഫൈബർ ഒപ്റ്റിക്സ് & സി സി ടി വി


ഇൻസ്ട്രമെന്റേഷൻ & ഫയർ & സേഫ്റ്റി


മെക്കാനിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്


ലോജിസ്റ്റിക്സ് & ഷിപ്പിംഗ് മാനേജ്മെന്റ്



ബാങ്കിംഗ് & കോർപ്പറേറ്റ് അക്കൗണ്ടിംഗ്


എയർലൈൻ മാനേജ്മെന്റ്


ഫിറ്റ്നസ് ട്രെയിനിംഗ്

**തുടങ്ങിയ കോഴ്സുകൾ സംസ്ഥാനത്തെ 14 ജില്ലകളിലുമായി തിരഞ്ഞെടുക്കപ്പെട്ട വിവിധ ഗവ. / എയ്ഡഡ് പോളിടെക്നിക്, ആർട്സ് & സയൻസ് കോളേജുകളിലെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിലൂടെയായിരിക്കും വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ സാധിക്കുക.**

**Helpline : 86 06 919 314**

**3). കോഴ്സിന് ചേർന്ന വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എന്ന് മുതലാണ് ആരംഭിക്കുന്നത്?**

അഡ്മിഷൻ സമയത്ത് Rs.5000/-അടച്ച് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ബാച്ചുകൾ തരം തിരിച്ചതിനു ശേഷം, വിദ്യാർത്ഥികളെ ഫോൺ, വെബ്സൈറ്റിലെ സ്റ്റുഡന്റ് അക്കൗണ്ട് **(www.student.ccekcampus.org)**, ഇ-മെയിൽ എന്നിവയിൽ ഏതെങ്കിലും മുഖേന അറിയിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ ഇത്തരത്തിലുള്ള അറിയിപ്പുകൾ ഒരാഴ്ച്ചക്കുള്ളിൽ ലഭിക്കാത്ത പക്ഷം അപേക്ഷാ ഫോം സമർപ്പിച്ച കോളേജിലെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിലോ, താഴെപറയുന്ന ഹെൽപ്പ് ലൈൻ നമ്പറുമായോ ബന്ധപ്പെട്ട് ക്ലാസ്സ് തുടങ്ങുന്ന തീയ്യതി വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്. ക്ലാസ്സ് തുടങ്ങുന്നതിനു മുൻപായി ഫീസിന്റെ ആദ്യ ഗഡുവായ Rs.10000/- രൂപയിൽ ബാക്കി ഫീസ് Rs.5000/- അടച്ച് വിദ്യാർത്ഥികൾ രസീത് കൈപ്പറ്റേണ്ടതാണ്. തുടർന്ന് കോഴ്സിന് നിശ്ചയിച്ചിരിക്കുന്ന ഇൻസ്റ്റാൾമെന്റ് പ്രകാരം മുഴുവൻ ഫീസും അടച്ചുതീർക്കേണ്ടതാണ്.

**4). Academic Progress Tracking System എന്നാലെന്താണ്, അതിന്റെ ഉപയോഗം എന്താണ്?**

വ്യത്യസ്ത വിദ്യാഭ്യാസ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് ഒരേപോലെയുള്ള ഉയർന്ന പഠനനിലവാരം ഉറപ്പുവരുത്തുന്നതിനായി രൂപീകരിച്ച അക്കാദമിക് പ്രോഗ്രസ്സ് ട്രാക്കിംഗ് സിസ്റ്റത്തിന്റെ സഹായത്താൽ കോഴ്സിന്റെ ഓരോ ഭാഗവും വിദ്യാർത്ഥികൾക്കും, തുടർന്ന് അവരുടെ രക്ഷിതാക്കൾക്കും പരിശോധിക്കുവാനും, ഓരോ ഭാഗവും വ്യക്തമായി പഠിച്ചതിനുശേഷം മാത്രം അടുത്ത ഭാഗം പഠിക്കുവാനും വിദ്യാർത്ഥികൾക്ക് കഴിയുന്നു. തൻമൂലം കോഴ്സിന്റെ പഠനനിലവാരം സ്ഥാപനത്തിനോടൊപ്പം തന്നെ വിദ്യാർത്ഥികൾക്കും ,രക്ഷിതാക്കൾക്കും ഒരുപോലെ ഉറപ്പുവരുത്തുവാൻ സാധിക്കുന്നു എന്നുള്ളതാണ് അക്കാദമിക് പ്രോഗ്രസ്സ് ട്രാക്കിംഗ് സിസ്റ്റത്തിന്റെ ഏറ്റവും വലിയ പ്രത്യേകത.

**5) SC/ST/BPL/SEBC/OEC വിദ്യാർത്ഥികൾക്ക് ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാണോ?**

ഒരു തുടർ വിദ്യാഭ്യാസ ഉപകേന്ദ്രത്തിൽ ആരംഭിച്ചിട്ടുള്ള ഓരോ കോഴ്സിനും അനുവദിച്ചിട്ടുള്ള മൊത്തം സീറ്റുകളുടെ 10% പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം ചെയ്തിട്ടുണ്ട്. കൂടാതെ ഓരോ കോഴ്സിനും മൊത്തം അനുവദിച്ചിട്ടുള്ള സീറ്റിന്റെ 5% SEBC / OEC വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 5% BPL വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും സംവരണം ചെയ്തിട്ടുണ്ട്. എന്നാൽ സംവരണ സീറ്റിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പ്രവേശനം പൂർണ്ണമായും Index Markന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് അനുസൃതമായിരിക്കും നടപ്പിലാക്കുന്നത്.

- Index Mark-ന്റെ അടിസ്ഥാനത്തിൽ സംവരണ സീറ്റുകളിലേക്ക് പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസിൽ 50% ഇളവ് ലഭിക്കുന്നതാണ്.
- സംവരണ സീറ്റുകളിലേക്ക് പ്രവേശനം നേടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ താഴെപറയുന്ന രേഖകൾ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതിക്ക് മുൻപായി അപേക്ഷാ ഫോമിനോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. ആയതിനാൽ അപേക്ഷിക്കേണ്ട അവസാന തിയ്യതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കൂടാതെ സംവരണ സീറ്റുകളിലേക്ക് ലഭിക്കുന്ന അപേക്ഷകൾ അപൂർണ്ണമാവുകയോ അപേക്ഷാ ഫോമിനോടൊപ്പം സമർപ്പിച്ച അനുബന്ധ രേഖകൾ ഭാഗികമാവുകയോ, വിദ്യാർത്ഥി തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്താൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**SC/ST കാറ്റഗറി വിദാർത്ഥികൾ കൊണ്ടുവരേണ്ടത്**

- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും, 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും. ● SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും , മാർക്ക് ലിസ്റ്റും
- കാലാവധി തീരാത്ത ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ

**SEBC / OEC കാറ്റഗറി വിദാർത്ഥികൾ കൊണ്ടുവരേണ്ടത്**

- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും, 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും. ● SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും.
- പ്രസ്തുത വിദ്യാർത്ഥി SEBC / OEC കാറ്റഗറിയിലാണെന്ന് തെളിയിക്കുന്ന കാലാവധി തീരാത്ത സർട്ടിഫിക്കറ്റ്

**BPL കാറ്റഗറി വിദ്യാർത്ഥികൾ കൊണ്ടുവരേണ്ടത്**

- 2 പാസ്പോർട്ട് സൈസ് ഫോട്ടോയും, 2 സ്റ്റാമ്പ് സൈസ് ഫോട്ടോയും. ● SSLC സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ രണ്ട് കോപ്പിയും, മാർക്ക് ലിസ്റ്റും.
- പ്രസ്തുത വിദ്യാർത്ഥി BPL ആണെന്ന് തെളിയിക്കുന്ന റേഷൻ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി
- പ്രസ്തുത കോഴ്സിന് സംവരണം ലഭിക്കുന്നതിലേക്കായി നേടിയിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ അസ്സൽ കോപ്പി .

സംവരണ സീറ്റുകളിലേക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അപേക്ഷാ ഫോമുകളും അനുബന്ധ രേഖകളും പരിശോധിച്ച് Rank List-ന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത് പ്രസ്തുത ലിസ്റ്റ് **www.ccekcampus.org** എന്ന വെബ്സൈറ്റിലും, കോളേജിലെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കുന്നതാണ് ഈ സംവരണ ലിസ്റ്റിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ ഫീ കൺസെഷൻ ലഭിക്കുകയുള്ളൂ. സംവരണത്തിനർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ഏതെങ്കിലും തരത്തിൽ പരാതിയുള്ളവർ പ്രസ്തുത പരാതി കാരണസഹിതം 5 പ്രവൃത്തി ദിവസത്തിനുള്ളിൽ കോളേജിലെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. സംവരണ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അർഹരായ വിദ്യാർത്ഥികൾ നിഷ്കർഷിച്ചിട്ടുള്ള അഡ്മിഷൻ തിയ്യതിയിൽ തന്നെ നിർബന്ധമായും എൻറോൾമെന്റ് നടത്തേണ്ടതാണ്. അല്ലാത്തപക്ഷം സംവരണ വെയിറ്റിംഗ് ലിസ്റ്റിൽ നിന്നും ക്രമമനുസരിച്ച് അർഹരായ മറ്റു വിദ്യാർത്ഥികളെ പ്രവേശനത്തിന് പരിഗണിക്കുന്നതാണ്. സംവരാണാടിസ്ഥാനത്തിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ എത്രയും പെട്ടെന്ന് അവർക്ക് ലഭിച്ചിട്ടുള്ള ഫീസ് കാർഡ് തുടർ വിദ്യാഭ്യാസ കേന്ദ്രത്തിന്റെ ഓഫീസിൽ ക്ലാസ്സ് തുടങ്ങുന്നതിന് മുൻപായി സമർപ്പിച്ച് സംവരാണാനുകൂല്യം ഫീസ് കാർഡിൽ സീൽ ചെയ്ത് വാങ്ങേണ്ടതാണ്.

**6) കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ/ ഇൻഡസ്ട്രികളിൽ ഇന്റേൺഷിപ്പ് / OJT (On-the-Job Training) നേടുന്നതിനുള്ള സപ്പോർട്ട് നൽകി വരുന്നുണ്ടോ?**

കോഴ്സുമായി ബന്ധപ്പെട്ട് കൂടുതൽ പ്രായോഗിക പരിശീലനം നേടുന്നതിനുവേണ്ടി വിവിധ സ്ഥാപനങ്ങളിൽ/ഇൻഡസ്ട്രികളിൽ നിബന്ധനകൾക്ക് വിധേയമായി ഇൻഡസ്ട്രിയൽ ഇന്റേൺഷിപ്പ് / ഓൺ ദി ജോബ് ട്രെയിനിംഗ് നേടുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതാണ്. കോഴ്സിനു പ്രവേശനം നേടിയ വിദ്യാർത്ഥികൾ നിർബന്ധമായും ഫൈനൽ എക്സാമിനേഷനു മുൻപായി കോഴ്സുമായി ബന്ധപ്പെട്ട മേഖലകളിൽ ഇൻഡസ്ട്രിയൽ ഇന്റേൺഷിപ്പ് / ഓൺ ദി ജോബ് ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിക്കേണ്ടതാണ്.

**7) കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ അറിയിക്കുന്നതിലേക്കായി ഏതെങ്കിലും തരത്തിലുള്ള സപ്പോർട്ട് നൽകി വരുന്നുണ്ടോ?**

ലോകത്താകമാനമുള്ള വിവിധ മേഖലകളിലെ തൊഴിലവസരങ്ങളെ കുറിച്ച് അറിയുന്നതിനും, അവ പ്രയോജനപ്പെടുത്തുന്നതിനുമായി സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ പ്ലേയ്സ്മെന്റ് സെല്ലിലും, ജോബ് പോർട്ടലിലും കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സൗജന്യമായി രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുന്നതാണ്. CCEK-യുടെ വിവിധ പ്രൊഫഷണൽ/അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകളുടെ സിലബസ് നാഷണൽ സ്കിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ NSQF(National Skills Qualification Framework) പ്രകാരം രൂപപ്പെടുത്തിയിട്ടുള്ളതിനാൽ, കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ദേശീയ തലത്തിൽ അംഗീകാരമുള്ള NSDC സർട്ടിഫിക്കേഷൻ നിബന്ധനകൾക്ക് വിധേയമായി നേടാൻ സാധിക്കുന്നു. കൂടാതെ വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സുകളുടെ സിലബസ് National Occupational Standards(NOS) മീറ്റ് ചെയ്തിട്ടുള്ളതിനാലും, വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ ഗൾഫ് നാടുകളിലും മറ്റു വിദേശ രാജ്യങ്ങളിലും തൊഴിൽ നേടുവാൻ സഹായകരമായ ഓൺലൈൻ വെരിഫിക്കേഷൻ സൗകര്യം ഉള്ളതിനാലും വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ആലേഖനം ചെയ്തിട്ടുള്ള AUTHENTICATION CODE (ID NUMBER) ഉപയോഗിച്ച് ലോകത്തെവിടെയുമുള്ള കമ്പനികൾക്ക് സർട്ടിഫിക്കറ്റ് ഇന്റർനെറ്റിലൂടെ വെരിഫൈ ചെയ്യുവാൻ സാധിക്കുന്നതാണ്. ആയതിനാൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവർ പഠിച്ച മേഖലയിലുള്ള ഇൻഡസ്ട്രികളിൽ വളരെ എളുപ്പത്തിൽ തൊഴിൽ നേടാൻ സാധിക്കുന്നു.

## കോഴ്സ് പ്രോഗ്രാമിന്റെ പ്രത്യേകതകൾ

1) മിനിസ്ട്രി ഓഫ് സ്കിൽ ഡെവലപ്പ്മെന്റ് ആന്റ് ഓൺട്രപ്രണർഷിപ്പ് ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് കീഴിലുള്ള NSDC -യുടെ, നാഷണൽ സ്കിൽസ് ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF) പ്രകാരം രൂപപ്പെടുത്തിയിട്ടുള്ളതും, നാഷണൽ ഒക്ക്യുപേഷണൽ സ്റ്റാൻഡേർഡ് (NOS) മീറ്റ് ചെയ്തിട്ടുള്ളതുമായ കോഴ്സുകൾ.
2) CCEK-യുടെ അത്യാധുനിക പഠന നിലവാരത്തോടു കൂടിയ പാഠ്യപദ്ധതിയിലുള്ള ട്രെയിനിംഗ്
3) കേരള സർക്കാരിന്റെ ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യൂക്കേഷൻ കേരളയുടെ (CCEK) കേരള സർക്കാരിന്റെ മുദ്ര ആലേഖനം ചെയ്തിട്ടുള്ളതും ഓൺലൈൻ വെരിഫിക്കേഷനോടും കൂടിയ സർട്ടിഫിക്കറ്റ്.
4) ദേശീയ അംഗീകാരവും ഓൺലൈൻ വെരിഫിക്കേഷനോടും കൂടിയ NSDC നൽകുന്ന ഗവൺമെന്റ് സർട്ടിഫിക്കറ്റ് *
5) കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് വിവിധ ഇൻഡസ്ട്രികളിൽ നിന്ന് OJT/ Internship നേടുന്നതിനുള്ള സപ്പോർട്ടും, സർട്ടിഫിക്കേഷനും.*
6) SC/ST/BPL/SEBC/OEC വിഭാഗം വിദ്യാർത്ഥികൾക്ക് നിശ്ചിത സീറ്റുകളിലേക്ക് 50% ഫീസ് ഇളവ് ലഭിക്കുന്നതാണ്.*
7) സൗജന്യ പ്ലേയ്സ്മെന്റ് സെൽ രജിസ്ട്രേഷൻ *
8) CCEK - യുടെ ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ നിബന്ധനകൾക്ക് വിധേയമായി ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ് നേടാവുന്നതാണ്.*
9) CCEK-യുടെ ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ മെക്കാനിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ്, മോട്ടോർ വാഹന വകുപ്പ് ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്റ്റർ ജോലിയിലേക്ക് തത്തുല്ല്യ യോഗ്യതയായി പരിഗണിച്ചിട്ടുള്ളതിനാൽ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത മേഖലയിൽ വളരെയെളുപ്പം തൊഴിൽ നേടാൻ സാധിക്കുന്നതാണ്.*
10) CCEK-യുടെ ഒരു വർഷത്തെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ ഇൻസ്ട്രമെന്റേഷൻ, ഫയർ & സേഫ്റ്റി കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കാലാകാലങ്ങളിലുള്ള നിബന്ധനകൾക്ക് വിധേയമായി ഇൻഡസ്ട്രിയൽ ട്രെയിനിംഗും, സർട്ടി ഫിക്കേഷനും നേടാൻ സാധിക്കുന്നതാണ്.*

*നിബന്ധനകൾക്ക് വിധേയം

**Helpline : 86 06 919 314**

# കേരള സർക്കാരിന്റെ ഒരു വർഷത്തെ വിവിധ തുടർ വിദ്യാഭ്യാസ പ്രൊഫഷണൽ / അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകൾ




## പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്

യോഗ്യത : SSLC
കാലാവധി : 1 വർഷം
ഫീസ് : 28000/-

**ഇലക്ട്രിക്കൽ വയർമാൻ ലൈസൻസ് നേടാം***

ലോകത്തെമ്പാടുമുള്ള വിവിധ ഇൻഡസ്ട്രികളിൽ ഇലക്ട്രിക്കൽ ക്രിംബിംഗ്, ടെർമിനേഷൻ, സിംബിൾ, മാരീഡ് തുടങ്ങിയ ഇലക്ട്രിക്കൽ ജോയിന്റുകളുടെ പ്രിപ്പറേഷൻ, സേഫ്റ്റി പ്രിക്കോഷൻസ് ,ടൈപ്സ് ഓഫ് വയേഴ്സ് / പവർ സപ്ലെയ്സ് എന്നിങ്ങനെ തുടങ്ങി IE റൂൾസ് ഓഫ് എനർജി മീറ്റർ ഇൻസ്റ്റാലേഷൻ, MCB/ELCB, ഇൻസ്റ്റാലേഷൻ ബോർഡ് ഫോർ ഫ്ളഷ് ടൈപ്പ് ആക്സസറീസ്, 3 ഫെയ്സ്/ സിംഗിൾ ഫെയ്സ് പവർ സപ്ലെയ്സ് വരെയുള്ള ഇലക്ട്രിക്കൽ വയറിംഗിന്റെ വിവിധ തലങ്ങളിൽ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോഴ്സ് പ്രോഗ്രാമിലൂടെ പ്രവർത്തി പരിചയം നൽകുന്നതിനാൽ ഇന്ത്യക്കകത്തും ഗൾഫ് മറ്റു വിദേശ രാജ്യങ്ങളിലുമുള്ള ഇലക്ട്രിക്കൽ വയറിംഗ്,ഇലക്ട്രിക്കൽ വയർമാൻ, ഇലക്ട്രിക്കൽ ടെക്നിഷ്യൻ എന്നീ രംഗത്തും വളരെ എളുപ്പത്തിൽ തൊഴിൽ നേടാം.



## പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫൈബർ ഒപ്റ്റിക്സ് & ഡിജിറ്റൽ സെക്യൂരിറ്റി സിസ്റ്റം:

യോഗ്യത : SSLC
കാലാവധി : 1 വർഷം
ഫീസ് : 28000/-

ഫൈബർ ഒപ്റ്റിക്സ് ടെക്നോളജിയും വയർലെസ്സ് ടെക്നോളജിയും ടെലികമ്മ്യൂണിക്കേഷൻ രംഗത്തെത്തിയതോടുകൂടി ഇന്ത്യക്കകത്തും, ഗൾഫ് മറ്റു യൂറോപ്യൻ രാഷ്ട്രങ്ങളിലുമുള്ള ടെലികമ്മ്യൂണിക്കേഷൻ നെറ്റ് വർക്കുകളും, കമ്പ്യൂട്ടർ നെറ്റ് വർക്കുകളും ഹൈ സ്പീഡ് ഫൈബർ ഒപ്റ്റിക്സ് ആൻഡ് വയർലെസ്സ് നെറ്റ് വർക്കുകളിലേക്ക് മാറിക്കൊണ്ടിരിക്കുന്ന ഒരു വിപ്ലവം തന്നെയാണ് ആധുനിക വ്യവസായ ലോകത്ത് ഉണ്ടായത്. കൂടാതെ കമ്പ്യൂട്ടർ നെറ്റ് വർക്ക് എഞ്ചിനീയറിംഗ്, മെഡിക്കൽ, ഡിഫെൻസ്, ടെലികമ്മ്യൂണിക്കേഷൻ, ബ്രോഡ് കാസ്റ്റിംഗ്, CATV, HDTV തുടങ്ങിയ എല്ലാ രംഗങ്ങളിലും ഫൈബർ ഒപ്റ്റിക്സ് ടെക്നോളജിയും, വയർലെസ്സ് ടെക്നോളജിയും ഉപയോഗപ്പെടുത്തി കഴിഞ്ഞു. അതുകൊണ്ടുതന്നെ ഇന്നത്തെ IT ഇൻഡസ്ട്രിയിലെ ഉയർന്ന തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനായി കമ്പ്യൂട്ടർ ഹാർഡ് വെയർ നെറ്റ്വർക്ക് ഫണ്ടമെന്റൽസ്, ഫൈബർ ഒപ്റ്റിക്സ് ടെക്നോളജി, CCTV & ഡിജിറ്റൽ സെക്യൂരിറ്റി സർവേയലൻസ്, വയർലെസ് ടെക്നോളജി തുടങ്ങിയ വിഷയങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ കോഴ്സ് പ്രോഗ്രാം വിഭാവനം ചെയ്തിരിക്കുന്നത്.




## പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഇൻഡസ്ട്രിയൽ ഇൻസ്ട്രമെന്റേഷൻ & ഫയർ & സേഫ്റ്റി

യോഗ്യത : SSLC
കാലാവധി : 1 വർഷം
ഫീസ് : 28000/-

**കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും ഇൻഡസ്ട്രിയൽ ട്രെയിനിംഗും, സർട്ടിഫിക്കേഷനും***

ഇന്ത്യക്കകത്തും, വിദേശ രാജ്യങ്ങളിലും, പെട്രോളിയം കമ്പനികൾ, കപ്പൽ നിർമ്മാണ ശാലകൾ, പെട്രോ കെമിക്കൽ കമ്പനികൾ, തെർമ്മൽ പവർ പ്ലാന്റുകൾ, ഹൈഡ്രോ പവർ പ്ലാന്റുകൾ തുടങ്ങിയ വ്യവസായ രംഗങ്ങളിൽ അനേകായിരം തൊഴിലവസരങ്ങളാണ് ഇൻഡസ്ട്രിയൽ ഇൻസ്ട്രമന്റേഷൻ മേഖലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ആധുനിക വ്യവസായ മേഖലകളിൽ പ്രൊഡക്ഷൻ പ്ലാന്റുകളിൽ ഏതൊരു ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടുമ്പോഴും ഉന്നത ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി വിവിധ ഇൻസ്ട്രമന്റേഷൻ മെഷിനറികൾ, മെഷറിംഗ് ഇൻസ്ട്രമെന്റുകൾ, കൺട്രോൾ ഇൻസ്ട്രമെന്റുകൾ എന്നിങ്ങനെയുള്ള വിവിധ ആധുനിക ഇൻസ്ട്രമെന്റുകളുടെ ഇൻസ്റ്റാലേഷൻ, കാലിബറേഷൻ, മെയ്ന്റനൻസ് തുടങ്ങി നൂതന സാങ്കേതിക വിദ്യകളിലുള്ള പ്രാക്ടിക്കൽ പരിശീലനമാണ് ഇൻഡസ്ട്രിയൽ ഇൻസ്ട്രമന്റേഷൻ കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് നേടുവാൻ സാധിക്കുന്നത്. ഫയർ ഫൈറ്റർ, കൺസ്ട്രക്ഷൻ സേഫ്റ്റി ഓഫീസർ, എൻവയേൺമെന്റ് ഓഫീസർ , ഫയർമാൻ എന്നീ നിലകളിൽ ശോഭിക്കുന്നതിനാവശ്യമായ ഫയർ & സേഫ്റ്റി മേഖലയിലുള്ള ജോലികൾക്കും ഇൻഡസ്ട്രിയൽ ഇൻസ്ട്രമന്റേഷൻ ആൻഡ് ഫയർ & സേഫ്റ്റി എന്ന കോഴ്സിലൂടെ വിദ്യാർത്ഥികൾക്ക് പ്രാപ്തരാകുവാൻ സാധിക്കുന്നതാണ്. കൂടാതെ സേഫ്റ്റി ഓഫീസർ, സേഫ്റ്റി സൂപ്പർവൈസർ, സേഫ്റ്റി വാർഡൻ, സേഫ്റ്റി ചെക്കർ, സേഫ്റ്റി ഇൻസ്ട്രക്ടർ, സേഫ്റ്റി എഞ്ചിനീയർ, ഫയർ ഫൈറ്റർ, ഫയർ അലാം ടെക്നീഷ്യൻ, ഫയർ പ്രൊട്ടക്ഷൻ ടെക്നീഷ്യൻ തുടങ്ങിയ മേഖലകളിൽ അനേകായിരം തൊഴിലവസരങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.



## പ്രൊഫഷണൽ ഡിപ്ലോമ ഇൻ മെക്കാനിക്കൽ & ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്

യോഗ്യത : SSLC
കാലാവധി : 1 വർഷം
ഫീസ് : 28000/-

**ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർ ആകാം***

ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ( ഓട്ടോമോട്ടീവ് എഞ്ചിനീയറിംഗ് ) എന്ന എഞ്ചിനീയറിംഗ് ശാഖ ലോകത്തെമ്പാടും വളരെയധികം വളർന്നു കഴിഞ്ഞു. ഓട്ടോമൊബൈൽ രംഗത്ത് ടെക്നീഷ്യൻമാരുടെയും, സൂപ്പർവൈസർമാരുടെയും ആവശ്യകത അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ഓട്ടോമൊബൈൽ രംഗത്തെ ഡീസൽ എഞ്ചിൻ, പെട്രോൾ എഞ്ചിൻ, ടു സ്ട്രോക്ക് & ഫോർ സ്ട്രോക്ക് , ടു വീലർ & ഫോർ വീലർ സിസ്റ്റം, ഓട്ടോ ഇലക്ട്രിക്കൽ സിസ്റ്റം, ട്രാൻസ്മിഷൻ സിസ്റ്റം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധ പരിശീലനം നൽകി ഈ മേഖലയിൽ ടെക്നീഷ്യൻമാരുടെയും, സൂപ്പർവൈസർമാരുടെയും ലഭ്യത ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (CCEK) ഈ കോഴ്സ് പ്രോഗ്രാം ആരംഭിച്ചിട്ടുള്ളത്.

**Helpline : 86 06 919 314**




## പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് & ഷിപ്പിംഗ് മാനേജ്മെന്റ്

യോഗ്യത : SSLC | കാലാവധി : 1 വർഷം | ഫീസ് : 28000/-

## അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ്

യോഗ്യത : PLUS TWO / PDSL | കാലാവധി : 6 മാസം | ഫീസ് : 18000/-

ആധുനിക വ്യവസായിക മേഖലകളിൽ വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അസംസ്കൃത വസ്തുക്കളുടെ ശേഖരണം മുതൽ ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ ശരിയായ അളവിലും, അവസ്ഥയിലും, വിലയിലും, കൃത്യസമയത്ത് ലോകത്തെവിടെയുമുള്ള ശരിയായ ഉപഭോക്താവിന് എത്തിച്ചുകൊടുക്കുന്നതുവരെയുള്ള സേവനങ്ങളുടെ ആസൂത്രണവും, നിയന്ത്രണവും, പ്രാവർത്തികമാക്കലും ഉൾക്കൊള്ളുന്ന വിവിധ പ്രക്രിയകളാണ് ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ്. ഫ്ളിപ്കാർട്ട്, ആമസോൺ, സ്നാപ്ഡീൽ തുടങ്ങിയ ഓൺലൈൻ വ്യാപാര വിപണന ശ്യംഖലകളടക്കം ലോകത്തിലെ വാണിജ്യ വ്യവസായ മേഖലകളിലെ മുഴുവൻ ഇൻഡസ്ട്രികളും ഷിപ്പിംഗ്, റോഡ്, എയർ, റെയിൽ കാർഗോ തുടങ്ങിയ ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ് സർവ്വീസുകളെ പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ടാണ് മുന്നോട്ട് കുതിക്കുന്നത്. മാത്രമല്ല കസ്റ്റമർ സർവ്വീസ്, ഇൻഫർമേഷൻ സർവ്വീസ്, ട്രാൻസ്പോർട്ടേഷൻ, ഇൻവെന്ററി, വെയർഹൗസിംഗ്, മെറ്റീരിയൽസ് ഹാൻഡലിംഗ് & സ്റ്റോറേജ്, പായ്ക്കേജിങ്, ഇംപോർട്ട് എക്സ്പോർട്ട് ഡോക്യുമെന്റേഷൻ തുടങ്ങിയ വിഭാഗങ്ങൾ ഉൾക്കൊള്ളുന്ന ലോജിസ്റ്റിക്സ് മേഖലയിൽ കസ്റ്റമർ സർവ്വീസ് മാനേജർ, വെയർഹൗസ് മാനേജർ, ലോജിസ്റ്റിക്സ് അനലിസ്റ്റ്, ട്രാൻസ്പോർട്ട് മാനേജർ, ഇൻവെന്ററി മാനേജർ തുടങ്ങിയ നിരവധി തൊഴിലവസരങ്ങളാണ് ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.



## പ്രൊഫഷണൽ ഡിപ്ലോമ ഇൻ ബാംങ്കിംഗ് ആൻഡ് കോർപ്പറേറ്റ് അക്കൗണ്ടിംഗ്

യോഗ്യത : PLUS TWO
കാലാവധി : 1 വർഷം
ഫീസ് : 30000/-

ലോകത്തെമ്പാടുമുള്ള വ്യാപാര വാണിജ്യ മേഖലകളിലുണ്ടായ വലിയ വളർച്ച ബാങ്കിംഗ് & ഫിനാൻസ് മേഖലകളിൽ വൻ കുതിച്ചുചാട്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് തന്നെ ബാങ്കിംഗ് & നോൺ ബാങ്കിംഗ് മാനേജ്മെന്റ് മേഖലകളിൽ ലക്ഷക്കണക്കിന് തൊഴിലവസരങ്ങളാണ് ദിനംപ്രതി റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെ ഇന്ത്യകത്തും വിദേശ രാജ്യങ്ങളിലും ബാങ്കുകൾ, കമ്പനികൾ, വ്യവസായ സ്ഥാപനങ്ങൾ, വിപണന കേന്ദ്രങ്ങൾ, ഐ ടി കമ്പനികൾ, ഹോസ്പിറ്റലുകൾ തുടങ്ങിയ രംഗങ്ങളിൽ അക്കൗണ്ട്സ് എക്സിക്യൂട്ടീവ്, അക്കൗണ്ട്സ് അസിസ്റ്റന്റ്, ഫ്രണ്ട് ഡെസ്ക് ഓഫീസർ, മൈക്രോ ഫിനാൻസ് എക്സിക്യൂട്ടീവ്, ലോൺ പ്രോസസ്സിംഗ് ഓഫീസർ, ബിസിനസ്സ് കറസ്പോണ്ടന്റ് ആന്റ് ബിസിനസ്സ് ഫെസിലിറ്റേറ്റർ, ജൂനിയർ ക്ലർക്ക്, ടെല്ലർ/കാഷ്യർ തുടങ്ങിയ അനേകായിരം തൊഴിലവസരങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.




## പ്രൊഫഷണൽ ഡിപ്ലോമ ഇൻ എയർപോർട്ട്, ഹോസ്പിറ്റാലിറ്റി, ട്രാവൽ & ടൂറിസം മാനേജ്മെന്റ്

യോഗ്യത : PLUS TWO
കാലാവധി : 1 വർഷം
ഫീസ് : 40000/-

എയർപോർട്ട് സർവ്വീസുകളും, എയർപോർട്ട് മേഖലയുമായി ബന്ധപ്പെട്ട മറ്റ് ഓപ്പറേഷനുകളും ഇന്ന് അതിവേഗം ചലിക്കുന്ന ലോകത്തിലെ വലിയ ബിസിനസ്സ് മേഖലകളിലൊന്നാണ്. മാത്രമല്ല ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന നൽകുന്നതിൽ എയ്റോസ്പേസ് & ഏവിയേഷൻ സെക്ടറിന്റെ പ്രാധാന്യം ഒഴിച്ചുകൂടാനാവാത്തതാണ്. എയർപോർട്ട് ഓപ്പറേഷൻസ്, എയർ കാർഗോ ഓപ്പറേഷൻസ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ട്രാവൽ & ടൂറിസം മാനേജ്മെന്റ്, കസ്റ്റമർ സർവ്വീസസ്, എയർപോർട്ട് ഗ്രൗണ്ട് സർവ്വീസ് മുതലായ മേഖലകളിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ സാധ്യതകൾക്കനുസ്യതമായി സ്കിൽഡ് പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള (C C E K ) ഈ തൊഴിൽ പരിശീലന പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്.



## പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫിറ്റ്നസ് ട്രെയിനിംഗ്

യോഗ്യത : PLUS TWO | കാലാവധി : 1 വർഷം | ഫീസ് : 30000/-

നൂതന കാലഘട്ടത്തിൽ സ്പോർട്സ് & ഫിറ്റ്നസ് മേഖല വളരെ വൈവിധ്യ പൂർണ്ണമായ ഒരു പ്രധാന വ്യവസായമായി മാറുകയും, കൂടാതെ ഇപ്പോൾ വിദ്യാർത്ഥികൾക്കുള്ള ഏറ്റവും മികച്ച കരിയർ ഓപ്ഷനുകളിലൊന്നായി മാറുകയും ചെയ്തിരിക്കുന്നു. മാത്രമല്ല പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട് നിരവധി മുൻനിര കമ്പനികൾ ലോകത്തുള്ളതിനാൽ തന്നെ അവരുടെ സാധ്യതകൾ ജിംനേഷ്യം സെന്ററുകൾ, റിക്രിയേഷൻ സെന്ററുകൾ,ഹെൽത്ത് ക്ലബ്ബുകൾ, ഫിറ്റ്നസ് സെന്ററുകൾ, യോഗാ സ്റ്റുഡിയോസ്, സ്കൂളുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ എന്നിവിടങ്ങളിലും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത കോഴ്സ് പ്രോഗ്രാമിൽ അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾക്ക് ശരീരഘടനയുടെയും, ശരീര ശാസ്ത്രത്തിന്റെയും തത്ത്വങ്ങളെ പറ്റിയും, ഉപഭോക്താക്കൾക്ക് ആരോഗ്യകരമായ ഭക്ഷണവും, പോഷകാഹാരവും നിർദേശിക്കുന്ന രീതികളെ പറ്റിയും, ഫിറ്റ്നസ് മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങളെ പറ്റിയും, ആരോഗ്യകരമായ വ്യായാമ പരിപാടികൾ എങ്ങനെ രൂപകൽപ്പന ചെയ്യാമെന്നും, കൂടാതെ വ്യക്തിഗത പരിശീലന പരിപാടികൾ നിയന്ത്രിക്കുന്നതും, അവലോകനം ചെയ്യുന്നതും, വിലയിരുത്തുന്നതും എങ്ങനെയാണെന്നും, വിവിധ വ്യായാമങ്ങളെയും, ഉപകരണങ്ങളെയും പറ്റിയുള്ള വിവരങ്ങളും ,ഉപഭോക്താക്കൾക്ക് പരിശീലനം നൽകുന്നതെങ്ങനെയെന്നുള്ള ട്രെയിനിംഗും തുടങ്ങിയ വിഷയങ്ങളിലുള്ള വിദഗ്ദ്ധ പരിശീലനവുമാണ് ലഭിക്കുന്നത് .

## കോഴ്സിന് അഡ്മിഷൻ നേടുവാൻ താൽപര്യമുള്ള വിദ്യാർത്ഥികൾ നിർബന്ധമായും വായിച്ചു മനസ്സിലാക്കേണ്ടതും അനുവർത്തിക്കേണ്ടതുമായ കാര്യങ്ങൾ:

**1. അപേക്ഷാ ഫോമുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്കായുള്ള നിർദ്ദേശങ്ങൾ**

കേരള സർക്കാരിന്റെ തുടർ വിദ്യാഭ്യാസ പ്രൊഫഷണൽ/അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സുകൾക്ക് അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അപേക്ഷാ ഫോം പഠിക്കുവാനാഗ്രഹിക്കുന്ന കോളേജിന്റെ തുടർ വിദ്യാഭ്യാസ കേന്ദ്രത്തിൽ നിന്ന് നേരിട്ട് വാങ്ങുകയോ അല്ലെങ്കിൽ **www.ccekcampus.org** എന്ന CCEK-യുടെ വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുകയോ ചെയ്യേണ്ടതാണ്. തുടർന്ന് തെറ്റുകൂടാതെ പൂർണ്ണമായും പൂരിപ്പിച്ച അപേക്ഷാ ഫോം പഠിക്കുവാനാഗ്രഹിക്കുന്ന കോളേജുകളിൽ എന്നാണ് സമർപ്പിക്കേണ്ടതെന്ന് അറിയുന്നതിനായി താഴെ കാണുന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടുകയോ അല്ലെങ്കിൽ പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ മേൽവിലാസത്തിലേക്ക് **(The State Co-ordinator, Centre for Continuing Education Kerala, Anathara Lane, Charachira, Kowdiar P.O, Thiruvananthapuram, Kerala, Pin : 695003)** തപാൽ മുഖേന രജിസ്റ്റേർഡ് പോസ്റ്റായി അയക്കുകയോ ചെയ്യേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ വിദ്യാർത്ഥികൾ തപാൽ മാർഗ്ഗത്തിൽ അയക്കുമ്പോൾ കവറിനു മുകളിലായി "**CCEK-NSDC -കോഴ്സിനുള്ള അപേക്ഷാ ഫോം**" എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

**2. ഈ കോഴ്സ് പാർട്ട് ടൈം ആയി പഠിച്ച് പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കേഷൻ നേടാൻ സാധിക്കുമോ ?**

തീർച്ചയായും, ഇപ്പോൾ മറ്റ് റെഗുലർ കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്കും, വിവിധ ജോലികളിൽ പ്രവേശിച്ചിട്ടുള്ളവർക്കും CCEK-യുടെ വിവിധ പ്രൊഫഷണൽ ഡിപ്ലോമ കോഴ്സുകൾ ഓൺലൈൻ ആയും, സാറ്റർഡേ, സൺഡേ, മോർണിംഗ്, ഈവനിംഗ്, പാർടൈം ബാച്ചുകളായും പഠിക്കുവാനും, കേരള ഗവൺമെന്റ് അംഗീകൃത പ്രൊഫഷണൽ ഡിപ്ലോമ സർട്ടിഫിക്കറ്റ് നേടുവാനും സാധിക്കുന്നതാണ്.

**Helpline : 86 06 919 314**